# പള്ളികഥകൾ

## മിനികഥകൾ അറുപത്തി എട്ട്

ജോയിക്കുട്ടി, ഡിട്രോയിറ്റ്

ജോസഫ് അച്ചൻ, അമേരിക്കയിലെ ഒരു ഓത്ത്ഡോക്സ് പള്ളിയിലെ പെന്തിക്കോസ്തി ഞായറാഴ്ചയിൽ ഉണ്ടായ ഒരനുഭവ കഥയാണ് ഇപ്പോൾ പറയാൻ പോകുന്നത്. ഇത് ജോസഫ് അച്ചന് ഉണ്ടായ കാര്യമാണ്.

# പെന്തിക്കോസ്തി ശിക്ഷ

പെന്തിക്കോസ്തി ഞായറാഴ്ച ഓത്ത്ഡോക്സ് സഭയിലെ ഏറ്റവും പ്രാധാന്യമുള്ള ഒരു ദിവസമാണ്.ഓത്ത്ഡോക്സ്കാക്ക് എല്ലാ ഞായറാഴ്ചയും ഏറ്റവും പ്രാധാന്യമുള്ള ദിവസങ്ങളായിട്ടാണ് ക്രമീകരിച്ചിരിക്കുന്നത്. അതിൽ ഏതെങ്കിലും ഒരു ഞായറാഴ്ച ഏതെങ്കിലും കാരണവശാൽ ആരാധനയിൽ സംബന്ധിക്കാൻ സാധിക്കാതെ പോയാൽ കുമ്പസാരിച്ച് പിഴ അടച്ച് വേണം പിന്നെ പള്ളിയിൽ പോകേണ്ടതെന്നാണ് പഴയ കാലത്ത് പിതാക്കന്മാർ പഠിപ്പിച്ചിട്ടുള്ളത്. പഴയ തലമുറയിൽ പെട്ട പലരും തന്നെ ശ്രദ്ധിക്കാതെ തോന്നിയതുപോലെ ജീവിക്കുന്ന ഒരു കാലഘട്ടമാണ് ഇപ്പോഴുള്ളത്. അപ്പോൾ പുതിയ തലമുറയിൽ പെട്ടവെരെ കുറ്റം പറയാൻ പറ്റത്തില്ലല്ലോ.

സാധാരണ ഞായറാഴ്ചത്തെക്കാൾ ദീഘ്ഘമാണ് ഈ ദിവസത്തെ ആരാധന. തന്മൂലം അമേരിക്കയിലെ മിക്കവാറും എല്ലാ പള്ളികളിലും അല്പം നേരത്തെയായിരിക്കും ആരാധന തുടങ്ങുന്നത്. പള്ളിയിൽ വരുന്ന പല ആൾക്കാരും ഞായറാഴ്ച ജോലിയുള്ളവരായിരിക്കും. അങ്ങിനെ എല്ലാവരുടേയും സൗകര്യം നോക്കി അച്ചന്മാർ പലക്രമീകരണങ്ങളും ചെയ്യാറുണ്ട്. ഇങ്ങിനെ ദീഘ്ഘനേരം ആരാധനകൾ ഉള്ളപ്പോൾ പല ഭാഗങ്ങളും വിട്ടു കളഞ്ഞ് ആരാധന ചെയ്യാൻ അവർ നിബന്ധിതരാണ്. എന്നിട്ടു തന്നെ സാധാരണ ആരാധന പോലും വളരെ ദൈഘ്യമുള്ളതാണ്, അത് വെട്ടിച്ചുരുക്കണമെന്ന് പ്രലപിക്കുന്ന ഭക്തജനങ്ങൾ ധാരാളം മിക്കവാറും ഇടവകപള്ളികളിലും സഭയിലും ഉണ്ട്. ഇവക്ക് പള്ളിപൊതുയോഗം വരുമ്പോൾ എത്ര നേരം ദീഘ്ഘിച്ചാലും യാതൊരു കുഴപ്പവുമില്ല. ഇത് സാധാരണ അമേരിക്കയിലെ പല പള്ളികളിലേയും കാര്യമാണ്. ഇതിൽ കേരളത്തിലെ പള്ളികളിലുള്ളവർ ദേഷ്യപെട്ടിട്ട് കാര്യമില്ല. ഒരു ഇടവകപള്ളിയിലെ മിക്കവാറും എല്ലാ ജനങ്ങളേയും പ്രീണിപ്പിച്ചുകൊണ്ടുപോകാൻ അവിടുത്തെ വികാരിയച്ചന്മാർ വളരെ പാടുപെടേണ്ടി വരുന്നുണ്ടന്നുള്ളതും അമേരിക്കയിലെ സാധാരണ പള്ളികളിൽ നിത്യം നടക്കുന്ന കാര്യമാണ്. സാധാരണ നമ്മുടെ കേരളത്തിലെ പള്ളികളിലും ദീഘ്ഘനാൾ വികാരിയായിട്ടിരുന്ന അച്ചന്മാർ പോലും അമേരിക്കയിലെ വെറും സാധാരണ പള്ളികളിൽ ചുരുക്കം സമയം കൊണ്ട് വെള്ളം കുടിച്ചു പോകാറുണ്ട്. എത്ര പ്രഗൽഭനായ അച്ചനായാലും അമേരിക്കയിലെ പള്ളിയിൽ ചുമതല ഏൽക്കുമ്പോൾ വിവരം അറിയും.

ഈ ഞായറാഴ്ചത്തെ ആരാധനയിൽ മൂന്നു പ്രാവശ്യം ഒരു ചെറിയ പാത്രത്തിൽ വാഴ്ത്തിയ വെള്ളം ആ പള്ളിയിലെ ജനങ്ങളുടെ മേൽ അച്ചൻ വീഴ്ത്തിയിരിക്കണമെന്നുണ്ട്. അത് ആ ജനങ്ങൾക്കെല്ലാം വളരെ അനുഗ്രഹമാണ്. മൂന്നു വെവ്വേറെ വെച്ചിരിക്കുന്ന വാഴ്ത്തിയ വെള്ളവുമായ് അച്ചൻ അംശവസ്ത്രം ധരിച്ച് ജനങ്ങളുടെ ഇടയിലേക്ക് ചെന്ന് ഇരു വശങ്ങളിലായി നിൽക്കുന്ന ആൺ പെൺ ഭക്തജനത്തിന്റെ തലകളിലേക്ക് വീഴ്ത്തി പള്ളിയുടെ അങ്ങേ അറ്റം വെരെ പോയി മടങ്ങി വരും. ആ സമയം ഭക്ത ജനങ്ങൾ അവരുടെ തല വണങ്ങി ഭക്തി പൂവ്വം നിൽക്കണമെന്നാണ് പിതാക്കന്മാർ പഠിപ്പിച്ചിട്ടുള്ളത്. എന്നാൽ ചില കൊച്ചുകുഞ്ഞുങ്ങളും അതുപോലെ അമേരിക്കയിൽ ജനിച്ചു വളന്നിട്ടുള്ള പുതു തലമുറയിൽ പെട്ടവരും ഇതെന്തു കൂത്താണ് നടക്കുന്നതെന്ന് ആകാംക്ഷയുള്ളവരും തല ഉയത്തി പിടിച്ചു നിൽക്കും. മലയാളം അറിയാൻ വയ്യാത്തവരുടെ കാര്യം ഒട്ടും പറയേണ്ടതുമില്ലല്ലോ.

ജോസഫ് അച്ചൻ, അമേരിക്കയിൽ വന്നതിനു ശേഷം നടക്കുന്ന ആദ്യത്തെ പെന്തിക്കോസ്തി ഞായറാഴ്ച ആരാധനയാണ്. അപ്പോൾ ഈ രാജ്യത്തെ കാര്യങ്ങൾ ഒന്നും അത്ര പരിചയവുമില്ല. കൂടാതെ ഇടവകയിലെ എല്ലാ ആൾക്കാരേയും പരിചയവുമില്ല.

ആ ഇടവകയിലെ വളരെ മാന്യനും ഭക്തനുമായ ഒരാളാണ് ജോണിക്കുട്ടി. ദീഘ്ഘകാലമായ് അദ്ദേഹം കുടുംബമായി അമേരിക്കയിൽ സ്ഥിര താമസമായിട്ട്. നാലു പെൺമക്കൾ ഉള്ള അദ്ദേഹം എല്ലാ ഞായറാഴ്ചയും ആരാധന തുടങ്ങുന്നതിന് മുമ്പ് പള്ളിയിൽ എത്തും. ഭാര്യ നേഴ്സായതുകൊണ്ട് അമേരിക്കയിൽ എത്തിയ ആളാണ്. നാട്ടിൽ ഇന്ത്യൻ ആർമിയിൽ വെറും സാധാ പട്ടാളക്കാരനായി ജീവിച്ചയാളാണ്. അവർ തമ്മിൽ ഉത്തരേന്ത്യയിൽ വെച്ച് കണ്ടുമുട്ടി പരിചയപെട്ട് വിവാഹം കഴിച്ച് അമേരിക്കയിൽ എത്തിയതാണ്. ദൈവത്തിന്റെ വലിയ കൃപ ഒന്നുകൊണ്ടു മാത്രം അമേരിക്കിയിൽ വരാൻ പറ്റിയതാണെന്ന് അദ്ദേഹം എപ്പോഴും എറയാറുണ്ട്. തന്മൂലം ആ കുടുംബം പ്രാത്ഥനയിൽ അധിഷ്ഠിതമായ ഒരു കുടുംബമാണ്. കൂടാതെ കൈനിറച്ച് പള്ളിക്ക് കൊടുക്കുകയും ചെയ്യും. രണ്ടുപേരും ജോലി ചെയ്യുന്നതുകൊണ്ടും സ്വല്പം പിശുക്കുള്ളതുകൊണ്ടും വലിയ ഒരു ബംഗ്ലാവിലാണ് അവർ താമസിക്കുന്നത് കൂടാതെ അപ്പനും മക്കൾക്കുമായി ഓരോ കാറു വീതം ആറു കാറുകളും അവക്ക് സ്വന്തമായിട്ടുണ്ട്. മുറ്റം നിറയെ കാറുള്ള വീടെന്ന് ആൾക്കാർ എപ്പോഴും പറയും. ഓരോരുത്തക്കും ഓരോ കാറില്ലാതെ അവിടെ ജീവിക്കാൻ പറ്റുകയില്ല.

അവർ താമസിക്കുന്നത് അമേരിക്കയിലെ വളരെ തണുപ്പുള്ള ഒരു സ്ഥലത്താണ്. ജോണിക്കുട്ടിക്ക് പ്രത്യേകിച്ച് തണുപ്പുകാലത്ത് തലയിൽ തണുത്ത വെള്ളം വീണാൽ പിന്നെ ചുമയുടെ കൈലാസമാണ്. സാധാരണ എല്ലാദിവസവും നല്ല ചൂടുവെള്ളത്തിലാണ് അയാൾ കുളിക്കുന്നത്. ഇങ്ങിനെയുള്ള അയാൾക്ക് പള്ളിയിൽ വന്ന പുത്തനച്ചനോട് ആരാധന മദ്ധ്യേ പറയാൻ ഒക്കത്തില്ലല്ലോ "അച്ചോ, ദയവായി എന്റെ തലയിൽ ഒഴിക്കരുതെന്ന്". ജോസഫ് അച്ചൻ വെള്ളം തളിച്ച് വരുമ്പോൾ ജനങ്ങൾ എല്ലാം വളരെ ഭക്തിപൂവ്വം തല വണങ്ങി നിൽക്കുന്നതു കണ്ടപ്പോൾ കൂടുതൽ ആവേശവുമായി. കൂടാതെ അച്ചൻ അവിടെ വന്ന നാൾ മുതൽ പ്രത്യേകം ശ്രദ്ധിക്കുന്ന ഒരു വ്യക്തിയാണ് ജോണിക്കുട്ടി. എല്ലാ ഞായറാഴ്ചയും അതിരാവിലെ പള്ളിയിൽ വരുന്ന നല്ല ഭക്തനായ ഒരു വ്യക്തി. എന്നാൽ ഇവനെ ശരിക്കും അനുഗ്രഹിച്ചു വിട്ടാൽ ഇവന്റെ പ്രത്യേകമായ സ്നേഹം ഇപ്പോൾ തന്നെ കൈപ്പറ്റാമെന്ന വ്യാമോഹം. സാധാരണ എല്ലാ അച്ചന്മാരുടേയും മനസ്സിലിരിപ്പും ഇതു തന്നെയാണല്ലോ. ഓരോ പ്രാവശ്യവും അച്ചൻ വെള്ളം തളിച്ചപ്പോൾ ഏറ്റവും അധികം തല കുനിച്ചിരിക്കുന്ന ജോണിക്കുട്ടിയെ കണ്ടപ്പോൾ അത് ഭക്തി പാരവശ്യം കൊണ്ടാണെന്ന് തെറ്റിദ്ധരിച്ച് അച്ചൻ മനപ്പൂവ്വം അവിടെ നിന്ന് അയാളുടെ തലയിലേക്ക് ധാരാളമായി വെള്ളം തളിച്ചു. പള്ളിയിൽ നിന്ന് വീട്ടിൽ ചെന്നപ്പോൾ മുതൽ അയാൾ ചുമച്ചു ചുമച്ച് പരവശനായി അവസാനം അവിടെയുള്ള ആശുപത്രിയിലെ എമേർജൻസി റൂമിൽ പ്രവേശിപ്പിച്ച് ഏകദേശം ഒരാഴ്ചയിൽ കൂടുതൽ ജോലിക്കു പോകാൻ വയ്യാതെ കിടപ്പിലായി. അത്രയും ദിവസത്തെ പണം നഷ്ടപ്പെട്ടത് അവക്ക് ശിക്ഷ.